സഹകരണ സ്ഥാപനങ്ങളിലെ സംവരണ ചട്ടം

104 (2305) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളും സഹകരണ സംഘങ്ങളും എത്രയെണ്ണമുണ്ട്;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാരുണ്ടെന്നും പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനത്തിൽ സംവരണ ചട്ടങ്ങൾ ഉറപ്പാക്കുവാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) നിയമനങ്ങളിൽ പി.എസ്.സി. അനുശാസിക്കുന്ന സംവരണ നിയമങ്ങൾ പാലിക്കുന്നുവെന്നും എസ്.സി./എസ്.ടി. പ്രാതിനിധ്യം ഉറപ്പാക്കിയിട്ടുണ്ടെന്നും പരിശോധിക്കുവാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട വിവിധ മേഖലകളിലുള്ള 14896 സംഘങ്ങളിൽ പ്രവർത്തിക്കുന്ന 11565 സഹകരണ ബാങ്കുകളും സഹകരണ സംഘങ്ങളും നിലവിലുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആകെ 42394 ജീവനക്കാരുണ്ട്. അതിൽ 3447 പേർ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്.

(സി) സഹകരണ സംഘങ്ങളിലെ നിയമനങ്ങളിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 80(4) പ്രകാരമുള്ള പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ സർക്കുലർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ സംവരണ പ്രാതിനിധ്യം കൃത്യമായി പാലിക്കപ്പെട്ടിട്ടില്ലാത്ത സഹകരണ സംഘങ്ങളിൽ ഇനിയുള്ള നിയമനങ്ങളിലൂടെ പട്ടികജാതി-പട്ടികവർഗ്ഗ സംവരണ അനുപാതം കൃത്യമായി പാലിക്കുംവിധം നിയമനം നടത്തി പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ബാങ്ക് ഭരണ സമിതിയെക്കൊണ്ട് തീരുമാനമെടുപ്പിച്ച് തുടർ നടപടി സ്വീകരിച്ച് നിയമാനുസൃത സംവരണാനുപാതം കൃത്യമായി പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പി.എസ്.സി. മുഖേന നിയമനങ്ങൾ നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ പി.എസ്.സി. അനുശാസിക്കുന്ന സംവരണതത്വം പാലിച്ചാണ് പി.എസ്.സി തന്നെ നിയമന ശുപാർശ നൽകുന്നതും നിയമനങ്ങൾ നടത്തുന്നതും. കൂടാതെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സംഘങ്ങളിലും എസ്.സി./എസ്.ടി. പ്രാതിനിധ്യം ഉറപ്പാക്കുന്നതുൾപ്പെടെ സംഘങ്ങളുടെ എല്ലാവിധ ദൈനംദിന പ്രവർത്തനങ്ങളും പരിശോധിക്കുന്നതിന് വകുപ്പുതലത്തിൽ സ്ഥിരം പരിശോധന സംവിധാനം നിലവിലുണ്ട്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

105 (2306) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ബി. അബ്ദുൽ റസാക് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ഉണ്ടായ ഗുണപരമായ മാറ്റം സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) റിസർവ് ബാങ്ക്, നബാർഡ് എന്നിവയുടെ നിലപാടുകൾ സംസ്ഥാന സഹകരണ മേഖലയ്ക്ക് സഹായകരമല്ലാത്ത സാഹചര്യം ഉണ്ടാക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(സി) ഇത്തരം വിഘാതങ്ങൾ തരണം ചെയ്യുന്നതിനും ഒപ്പം സംഘങ്ങളുടെ പ്രവർത്തനത്തിലെ അനാവശ്യ പ്രവണതകൾ നിയന്ത്രിക്കുന്നതിനും എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റങ്ങൾക്കായി നിരവധി കർമ്മപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി നടപ്പാക്കിയ " എന്റെ സംഘം" പദ്ധതി ഇക്കാര്യത്തിൽ ഫലപ്രദമായ ചുവടുവെയ്പായിരുന്നു. ഈ സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ ലഘുവിവരണം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly